**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4623** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിൽ ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ പഞ്ചായത്തിലും എത്ര തുകയുടെ വീതം പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | ഇരിക്കൂർ മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു: |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

<u>തൃക്കരിപ്പൂർ പഞ്ചായത്തിനും സമീപ 6 പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി</u>

ജൽജീവൻ മിഷനിൽ 2021-22-ൽ 339.03 കോടി രൂപയുടെ ഭരണാനുമതി നല്കിയ ഈ പദ്ധതി കാസർഗോഡ് ജില്ലയിലെ 5 പഞ്ചായത്തുകളായ തൃക്കരിപ്പൂർ, ചെറുവത്തൂർ, പിലിക്കോട്, വലിയപറമ്പ്, പടന്ന എന്നീ പഞ്ചായത്തുകളിലും, കണ്ണൂർ ജില്ലയിലെ കാങ്കോൽ-ആലപ്പടമ്പ്, കരിവെള്ളൂർ-പെരളം എന്നീ രണ്ട് പഞ്ചായത്തുകളിലും മുഴുവൻ ഗ്രാമീണ ഭവനങ്ങൾക്കും (31010 കണക്ഷനുകൾ) ശുദ്ധജലകണക്ഷൻ ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഉൽപാദന ഘടകങ്ങൾ സ്ഥാപിക്കുന്നതിന് 12 സർക്കാർ ഭൂമിയും, ഒരു സ്വകാര്യ ഭൂമിയും ആവശ്യമായിട്ടുണ്ട്. ഇതിൽ സ്വകാര്യ ഭൂമിയും 5 സർക്കാർ ഭൂമിയും ഇതിനകം പെർമീസീവ് സാംഗ്ഷൻ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന സർക്കാർ ഭൂമികൾക്ക് പെർമീസീവ് സാംഗ്ഷൻ ലഭ്യമാകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പ്രസ്തുത ഭൂമികൾ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

<u>കിനാനൂർ കരിന്തളം പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി.</u>

കിനാനൂർ കരിന്തളം പഞ്ചായത്തിലെ എല്ലാ ഭവനങ്ങൾക്കും ശുദ്ധജല കണക്ഷൻ ലഭ്യമാക്കുന്ന പ്രവൃത്തിക്ക് (4779 കണക്ഷനുകൾ) 9469 ലക്ഷം രൂപയുടെ ഭരണാനുമതി 2022-23-ൽ നല്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് ഡിസൈൻ തയ്യാറാക്കി വരുന്നു. പദ്ധതിയുടെ ഘടകങ്ങൾ നിർമ്മിക്കുന്നതിന് 4 സ്വകാര്യഭൂമിയും 2 ഗവണ്മെന്റ് ഭൂമിയും ആവശ്യമായിട്ടുണ്ട്. ഇതിൽ ഒരു ഗവ: ഭൂമിക്ക് പെർമീസീവ് സാംഗ്ഷൻ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന ഭൂമികൾ ലഭ്യമാകുന്നതിനുള്ള പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. മേൽ പറഞ്ഞ ഭൂമികൾ ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.